# CHAPTER 3

## Instruction Concerning Elders & Deacons

3:1 അധ്യക്ഷസ്ഥാനം ആഗ്രഹിക്കുന്നതു നല്ലത്. അതു ഒരു ഉത്തമമായ ശുശ്രൂഷയാണ്. എന്താണ് ഈ അധ്യക്ഷസ്ഥാനം എന്നു പറയുന്നത്. പുതിയനിയമത്തിൽ പലയിടത്തും നേതൃത്വത്തിന്റെ ഉത്തരവാദിത്വത്തെ പല സ്ഥാനപ്പേരിലും വിവരിച്ചിട്ടുണ്ട്.

Rom 12:6-8 *ആകയാൽ നമുക്കു ലഭിച്ച കൃപെക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു പ്രവചനം എങ്കിൽ വിശ്വാസത്തിന്നു ഒത്തവണ്ണം, ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.*

പ്രവചിക്കുന്നവൻ, ശുശ്രൂഷിക്കുന്നവൻ, ഉപദേശിക്കുന്നവൻ, പ്രബോധിപ്പിക്കുന്നവൻ, ദാനം ചെയ്യുന്നവൻ, കരുണചെയ്യുന്നവൻ - ഇതെല്ലാം വിവിധ ശുശ്രൂഷകളും പദവികളും തന്നെ.

ഭരിക്കുന്നവൻ - ഇതാണ് അധ്യക്ഷസ്ഥാനം (LEADER)

1Thess 5:12 *സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞു.*

അധ്വാനിക്കുന്നു, ഭരിക്കുന്നു, പ്രബോധിപ്പിക്കുന്നു - അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ അവരെ വിചാരിക്കണം, [illegible]ാക്കണം.

ഭരിക്കുന്നു - ഇതാണ് അധ്യക്ഷസ്ഥാനം (LEADER)

13:17 നിങ്ങളെ നടത്തുന്നവർ - അവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ (LEADER)

Eph 4:11 *അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു.*

അപ്പൊസ്തലൻ - Apostle

പ്രവാചകൻ - Prophet

സുവിശേഷകൻ - Evangelist

ഇടയൻ - Pastor - (Leader)

ഉപദേഷ്ടാക്കൾ - Teacher

Acts 20 :28 അധ്യക്ഷൻ

*നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ.*

1Peter 5:2 വിചാരണയിൽ ഉള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്നവൻ - Leader

*നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻക്കൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല.*

5:3 അധ്യക്ഷത ചെയ്യുന്നവൻ (Leader)

സഭയുടെ അധ്യക്ഷസ്ഥാനം ഒരു വലിയ ഉത്തരവാദിത്വം ആണ്. അതൊരു വലിയ പദവിയും തന്നെ.

3:27 അധ്യക്ഷൻ ആകാനുള്ള അർഹത - Qualification of a Leader (15 qualities)

കുറ്റം പറയാനിടയാകാവുന്ന ഒരു സ്വഭാവദൂഷ്യവും ഈ വ്യക്തിയിൽ ഉണ്ടായിരിക്കരുത്.

www.gospel.sajacobsreviews.com

fleettech@gmail.com

3:2 (1) നിരപവാദ്യൻ Blameless in behaviour. ഒരു കുറ്റവും പറവാനില്ലാതിരിക്കണം. ഇതേ കാര്യം 5:7, 6:13 ഈ വാക്യങ്ങളിലും ഉണ്ട്. ഒരു അപവാദവും ഈ വ്യക്തിയെപ്പറ്റി കേൾക്കരുത്. ശരിയെങ്കിലും തെറ്റെങ്കിലും 'അപവാദം' നിലവിലുണ്ടെങ്കിൽ അധ്യക്ഷ പദവിക്കു അതു തടസ്സം.

(2) ഏക ഭാര്യയുടെ ഭർത്താവ്

ബഹുഭാര്യാത്വം നിലനിന്ന ഒരു സമൂഹത്തിലാണീകാര്യം പറയുന്നത് എന്നോർക്കണം.

ധാർമ്മികമായി അന്നു സമൂഹത്തിൽ നിലനിന്ന താണ ധാർമ്മികനിലവാരംകൂടി കണക്കിലെടുത്താണീതെഴുതിയത്.

ഇന്നത്തെ പരിഷ്കൃതലോകം ഈ നിലവാരത്തെ ഒക്കെ കാറ്റിൽ പറത്തി.

ഒരു ആത്മികനേതൃത്വത്തിലുള്ള വ്യക്തിയ്ക്കു

- രഹസ്യമായും പരസ്യമായും ബഹുഭാര്യാത്വം പാടില്ല.
- വിവാഹബന്ധത്തിനു പുറത്ത് പരസ്ത്രീബന്ധം പാടില്ല.
- വിവാഹത്തിനു മുമ്പ് സ്ത്രീബന്ധം പാടില്ല.
- വിവാഹബന്ധം വേർപെടുത്തിയ വ്യക്തി ആകരുത്.
- രണ്ടാം വിവാഹം നടത്തിയ വ്യക്തി ആകരുത്.
- വിവാഹബന്ധം വേർപെടുത്തിയ വ്യക്തി (Divorced person) എന്തുകൊണ്ട് അധ്യക്ഷസ്ഥാനത്തിനു യോഗ്യനല്ല? കുടുംബജീവിതത്തിൽ പരാജയപ്പെട്ടവൻ സഭയെ എങ്ങനെ ഭരിക്കും?

1Cor 9:25 *അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു.*

(3) നിർമ്മദൻ (Temperate person well balanced)

ശാന്തമായി കാര്യങ്ങളെ വിലയിരുത്താനും കൈകാര്യം ചെയ്യാനുമുള്ള കഴിവ്, ഒരെടുത്തുചാട്ടവും പാടില്ല.

1Tim 3:11 *അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരുമായിരിക്കേണം.*

Titus 2:2 *ഗൗരവും സുബോധവും ഉള്ളവരും വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണതയിലും ആരോഗ്യമുള്ളവരും ആയിരിക്കേണം എന്നും*

(4) ജിതേന്ദ്രൻ (Self controlled person)

നാവും ചിന്തയും പ്രവൃത്തിയും ഒക്കെ നിയന്ത്രിക്കാൻ ജയം പ്രാപിച്ചവൻ

ഇന്ദ്രിയങ്ങളെ നിയന്ത്രണത്തിൻ കീഴിൽ ആക്കിയവൻ

ആവശ്യത്തിനു വേണ്ടവണ്ണവും മാത്രം പ്രതികരിക്കാൻ യോഗ്യതയുള്ളവൻ

Titus 1:8 *അതിഥിപ്രിയനും സൽഗുണപ്രിയനും സുബോധശീലനും നീതിമാനും നിർമ്മലനും*

Titus 2:5 *ഭർത്തൃപ്രിയന്മാരും പുത്രപ്രിയന്മാരും സുബോധവും പാതിവ്രത്യമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയവുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.*

(5) സുശീലൻ (Respectable)

ബഹുമാനം അർഹിക്കത്തക്ക ശീലം ഉള്ളവൻ. ആരെയും ആകർഷിക്കത്തക്ക സ്വഭാവ ശ്രേഷ്ഠത

(6) അതിഥിപ്രിയൻ (Hospitable)

സഭയെ നയിക്കണമെങ്കിൽ അതിഥിപ്രിയൻ ആയെ മതിയാകയുള്ളു. എല്ലാവരെയും സ്വീകരിക്കണം, സ്വാഗതം ചെയ്യുവാനും, സൽക്കരിക്കാനും ഉള്ള മനസ്സും സന്തോഷവും ഉള്ളവൻ.

www.gospel.sajacobsreviews.com

fleettech@gmail.com

(7) ഉപദേശിപ്പാൻ സമർത്ഥൻ (Good Teacher)

ദൈവവചനം പഠിപ്പിക്കുവാൻ, ഉപദേശം കൊടുപ്പാൻ സമർത്ഥൻ ആയിരിക്കണം

തെറ്റായ ഉപദേശങ്ങളെ അപ്പഴപ്പോൾ തിരുത്താനും കഴിയണം. ഉപദേശങ്ങളായി സഭയ്ക്കുള്ളിൽ പ്രസ്താവിക്കപ്പെടുന്ന തെറ്റുകളെ പരസ്യമായോ, രഹസ്യമായോ വ്യക്തികളോടു നേരിട്ട് ഇടപെട്ടോ തിരുത്താവുന്നതത്രെ. യുക്തമായി ചെയ്യുവാനുള്ള പ്രാഗത്ഭ്യം ഒരു അധ്യക്ഷന് ഉണ്ടായിരിക്കണം.

Titus 1:9 *ജിതേന്ദ്രിയനും പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നതിനും ആയിരിക്കേണം.*

3:3 (അധ്യക്ഷനു യോജിക്കാത്തത്)

1 മദ്യപ്രിയൻ ആകരുത് – മദ്യം ഇന്നും ക്രിസ്തീയ സഭയ്ക്കോ, നേതൃത്വത്തിനോ, വിശ്വാസികൾക്കോ ചേർന്നതല്ല

2 തല്ലുകാരൻ ആകരുത് – ഒന്നു പറഞ്ഞ് രണ്ടാമത് ചൂടാകുന്നവൻ നേതൃത്വത്തിനു ചേരുകയില്ല. ശാന്തമായി, സൗമ്യമായി, വിഷയങ്ങളോടു പ്രതികരിക്കുന്നവൻ ആകണം. ഇഷ്ടമില്ലാത്തതു കേട്ടാൽ ഉടൻ കൈയ്യും ചുരുട്ടി തല്ലാൻ എഴുന്നേല്ക്കുന്നവൻ ക്രിസ്തീയ സഭയെ ഭരിക്കാൻ യോഗ്യനല്ല.

ക്ഷിപ്രകോപിയോ എതിരാളികളെ ഭുജംബലംകൊണ്ട് നേരിടുന്നവനോ യോഗ്യനല്ല.

3 ശാന്തൻ ആയിരിക്കണം (Gentile Sober)

സൗമ്യതയുള്ളവൻ ആയിരിക്കണം.

Phil 4:5 *നിങ്ങളുടെ സൌമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു.*

മറ്റുള്ളവരെ ശാന്തമായി കേൾപ്പാനുള്ള ശാന്തമായ മനസ്സുള്ളവർ

James 3:17 *ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതും ആകുന്നു.*

1Peter 2:18 *വേലക്കാരേ, പൂർണ്ണഭയത്തോടെ യജമാനന്മാർക്കു, നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കുംകൂടെ കീഴടങ്ങിയിരിപ്പിൻ.*

4. കലഹിക്കാത്തവൻ (not quarrel ....)

ആരുമായും ശണ്ഠയിടരുത്. കലഹവും ബഹളവും ഉണ്ടാക്കുന്നവൻ അധ്യക്ഷസ്ഥാനത്തിനു യോഗ്യനല്ല.

സമാധാനം ഉണ്ടാക്കുന്നവൻ ആയിരിക്കണം.

Mathew 5:9 *സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.*

Mathew 6:5 *നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുതു; അവർ മനുഷ്യർക്കും വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്കും പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.*

5 ദ്രവ്യാഗ്രഹം ഇല്ലാത്തവൻ (not a lover of money)

സഭയുടെ അധ്യക്ഷസ്ഥാനം പണം സമ്പാദ്യത്തിന് ഉപയോഗിക്കരുത്. ഇന്നുള്ള ക്രിസ്തീയ സഭകളെ നേരിടുന്ന വലിയ പോരാട്ടം ഈ വിഷയത്തിലാണ്. നേതൃ സ്ഥാനത്തു നില്ക്കുന്നവരെ വീഴ്ത്തുവാൻ പൈശാചികശക്തി ഉപയോഗിക്കുന്ന കടുത്ത വഞ്ചന ഈ "ദ്രവ്യാഗ്രഹം" തന്നെ.

fleettech@gmail.com

www.gospel.sajacobsreviews.com

ഈ പോരാട്ടത്തിൽ പ്രിയ സ്നേഹിതരെ, ആരും വീഴരുതെ.

1Tim 6:5,6 *ദൂഷണം, ദുസ്സംശയം, ദുർബുദ്ധികളും സത്യ ത്യാഗികളുമായ മനുഷ്യരുടെ വ്യർത്ഥ വാദം എന്നിവ ഉളവാകുന്നു; അവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും.*

Titus 1:11 *വിശേഷാൽ പരിച്ഛേദനക്കാർ തന്നേ. അവരുടെ വായ് അടെക്കേണ്ടതാകുന്നു. അവർ ദുരാദായം വിചാരിച്ചു അരുതാത്തതു ഉപദേശിച്ചുകൊണ്ടു കുടുംബങ്ങളെ മുഴുവനും മറിച്ചു കളയുന്നു.*

1Pet 5:2 *നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബ്ബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടില്ല.*

ദ്രവ്യാഗ്രഹവും ദുരാഗ്രഹവും ഒന്നിച്ചു പോകുന്നു. വ്യക്തിപരമായ ആദായത്തിനായി സഭയുടെ അധ്യക്ഷപദവി ദുരുപയോഗം ചെയ്യരുത്.

6 സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവൻ (Manage his own family well)

ഇതൊരു പരീക്ഷണരംഗം. അധ്യക്ഷൻ ആകാൻ യോഗ്യനായവനെ എങ്ങനെ തിരിച്ചറിയാം?

അവന്റെ കുടുംബത്തെ നോക്കിയാൽ അറിയാം.

അവന്റെ കുഞ്ഞുങ്ങളുടെ പെരുമാറ്റം, സ്വഭാവം, ജീവിതം ഒക്കെ ഒന്നു സൂക്ഷ്മമായി പരിശോധിക്കണം. അവന്റെ കുഞ്ഞുങ്ങൾ പിതാവിനെ വേണ്ടത്ര ബഹുമാനത്തോടെ തന്നെ അനുസരിക്കുന്നുണ്ടോ?

അടിച്ചും ശിക്ഷിച്ചും ഭയപ്പെടുത്തിയും വാങ്ങുന്ന ബഹുമാനമല്ല.

അനുഗ്രഹിക്കപ്പെട്ട ഒരു ഭവനത്തിൽ പിതാവിന്റെ സ്നേഹവും വാത്സല്യവും ഏറ്റുകൊണ്ട് ഹൃദയപൂർവ്വം പിതാവിനെ ഒരു "മാതൃകാ പുരുഷൻ" ആയി ബഹുമാനിക്കുന്ന കുഞ്ഞുങ്ങൾ ആണോ അവർ.

ഒരു ദൈവഭക്തനായ പിതാവ് മക്കളുടെ മുമ്പിൽ ഒരു ('Role model') ആയിരിക്കും.

3:5 സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ ഭരിക്കും?

Leadership or Management of a home = Leadership of a congregation രണ്ടിനും യോഗ്യത ഒന്നു തന്നെ.

ഒന്നിൽ ജയിക്കുന്നവൻ, അതായത് കുടുംബത്തെ ഭരിക്കുന്നതിൽ വിജയിക്കുന്നവൻ തീർച്ചയായും സഭയെ ഭരിക്കുമ്പോഴും ജയിക്കും.

അതുപോലെതന്നെ കുടുംബത്തെ ഭരിക്കുന്നതിൽ തോൽക്കുന്നവൻ സഭയെ ഭരിക്കാൻ തുടങ്ങിയാൽ തോൽവി തീർച്ച.

3:6 അധ്യക്ഷ സ്ഥാനത്ത് ഒരു പുതിയ ശിഷ്യൻ ആകരുത്. എന്തുകൊണ്ട് എന്നതു വളരെ വ്യക്തം. നിഗളിപ്പാൻ സാധ്യത കൂടുതലാണ്. പെട്ടെന്നുള്ള ഉയർച്ച നിഗളത്തിനു കാരണമാകും. പിശാചിനു ശിക്ഷാവിധി വന്നതു നിഗളത്തിൽ നിന്നും ആയിരുന്നു.

Isa 14:12-15 *അരുണോദയപുത്രനായ ശുക്രാ, നീഎങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമനപർവ്വത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നേ വീഴും.*

"അത്യുന്നതനോടു സമനാകും" എന്ന് ഹൃദയത്തിൽ പറഞ്ഞതേയുള്ളൂ.

സാത്താന് അവന്റെ മുന്നമേയുള്ള സ്ഥാനം നഷ്ടപ്പെട്ടു. വെട്ടേറ്റു നിലത്തു വീണു.

fleettech@gmail.com

www.gospel.sajacobsreviews.com

"PRIDE GOES BEFORE A FALL"

3:7 സാത്താൻ നിരന്തരം ശ്രമിക്കുന്നു എങ്ങനെയെങ്കിലും സഭയെ ഭരിക്കുന്നവരെ വഞ്ചനയിൽ കുടുക്കി അവിശ്വാസികളുടെ മധ്യേ ഒരു 'അപവാദ വിഷയ'മാക്കി മാറ്റുവാൻ. സഭ പ്രവർത്തിക്കുന്ന സ്ഥലത്ത് സഭയെ ഭരിക്കുന്നവർ നല്ല സാക്ഷ്യം പ്രാപിച്ചവർ ആയിരിക്കണം. പ്രത്യേകിച്ചും അവിശ്വാസികളുടെ ഇടയിൽ.

Col 4:5 *സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ.*

പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവിൻ

1Thess4:11 *പുറത്തുള്ളവരോട് മര്യാദയായി നടക്കണം.*

3:8 QUALIFICATION OF DEACON

DEACON - ശുശ്രൂഷകൻ - Humble Servant

അദ്ധ്യക്ഷന്റെ മേൽനോട്ടത്തിൻ കീഴിൽ സഭാശുശ്രൂഷകൾ സംബന്ധിച്ച് ഏല്പിക്കപ്പെടുന്ന ജോലികൾ ചെയ്യുവാൻ ചുമതലപ്പെട്ടിരിക്കുന്നവർ ആണ് ശുശ്രൂഷകന്മാർ.

അദ്ധ്യക്ഷന്റെ മേൽനോട്ടത്തിലാണ് അവർ പ്രവർത്തിക്കേണ്ടത്.

അദ്ധ്യക്ഷനു കൂടുതൽ പ്രധാന വിഷയങ്ങളിൽ ശ്രദ്ധിക്കാൻ അവസരം ഉണ്ടാകേണ്ടതിന് ചില കാര്യങ്ങളൊക്കെ ശുശ്രൂഷകന്മാരിലൂടെ ചെയ്തു തീർക്കാൻ ക്രമീകരിക്കുന്നു.

Acts 6:1-6 വരെ നാം ഈ പദവിയെപ്പറ്റി വായിക്കുന്നു.

*ആ കാലത്തു ശിഷ്യന്മാർ പെരുകിവരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ എബ്രായഭാഷക്കാരുടെ നേരെ പിറുപിറുത്തു. പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി: ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യമല്ല. ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നേ തിരഞ്ഞുകൊൾവിൻ; അവരെ ഈ വേലെക്കു ആക്കാം. ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു. ഈ വാക്കു കൂട്ടത്തിന്നു ഒക്കെയും ബോദ്ധ്യമായി; വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ സ്തെഫാനൊസ്, ഫിലിപ്പൊസ്, പ്രൊഖൊരൊസ്, നിക്കാനോർ, തിമോൻ, പർമ്മെനാസ്, യെഹൂദമതാനുസാരിയായ അന്ത്യൊക്യക്കാരൻ നിക്കൊലാവൊസ് എന്നിവരെ തിരഞ്ഞെടുത്തു, അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി; അവർ പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു.*

ശുശ്രൂഷകന്റെ പ്രധാനയോഗ്യത "പരിശുദ്ധാത്മ നിറവ്" ആയിരിക്കണം.
വളരെ കൃത്യമായ യോഗ്യതാ വിവരണം ഇവിടെ കൊടുത്തിരിക്കുന്നു.

ഘനശാലികൾ ആയിരിക്കണം - ബഹുമാനങ്ങൾ അർഹിക്കുന്നവർ
Command Respect

ഇരുവാക്കുകാർ ആകരുത് - കാര്യങ്ങളെ ശരിക്കും വിശകലനം ചെയ്തു ഉറച്ച തീരുമാനം കൈക്കൊള്ളുവാൻ കഴിവുള്ളവർ. ഇപ്പോൾ ഒന്നു പറഞ്ഞ് പിന്നെ മാറ്റി പറഞ്ഞ് കുഴപ്പം ഉണ്ടാക്കുന്നവർ വേണ്ട. ആളും തരവും കണ്ട് തീരുമാനം മാറ്റുന്നവർ ആകരുത്.

മദ്യപന്മാർ ആകരുത് - ഒരു സഭാ ശുശ്രൂഷയിലും മദ്യപന്മാർക്കു സ്ഥാനം ഇല്ല. സഭയെ ഭരിപ്പാൻ അവർ യോഗ്യരല്ല.

ദുർലാഭമോഹികൾ പാടില്ല - ദ്രവ്യാഗ്രഹം ഉള്ളവർ വേണ്ട. തങ്ങളുടെ പദവി പണസമ്പാദനത്തിനായി ദുരുപയോഗം ചെയ്യുന്നവർ ആകാൻ പാടില്ല.

3:9 വിശ്വാസത്തിൽ ശ്രേഷ്ഠർ ആയിരിക്കണം. ഉറച്ച വിശ്വാസികൾ ആയിരിക്കണം. പരിശുദ്ധാത്മനിറവുള്ളവർ വേണം ശുശ്രൂഷകർ ആകേണ്ടത്.

Acts 6:3 *ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള*

www.gospel.sajacobsreviews.com

fleettech@gmail.com

*ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നേ തിരഞ്ഞുകൊൾവിൻ; അവരെ ഈ വേലെക്കു ആക്കാം.*

സ്വഭാവത്തിൽ ഒരു സംശയവും പാടില്ല. വിശ്വാസം ജീവിതത്തിലൂടെ കാണിക്കുന്നവർ ആയിരിക്കണം ശുശ്രൂഷകന്മാർ.

3:10 ആദ്യം അവരെ പരീക്ഷിക്കണം = അവരെ, അവരുടെ പ്രവൃത്തികളെ, അവരുടെ ജീവിതത്തെ തന്നെ വളരെ ശ്രദ്ധിക്കണം.

സഭയിൽ അവർ കുറെക്കാലം വിശ്വാസികളായി ഉണ്ടായിരിക്കണം. ഒരു അപവാദമോ കുറ്റമോ അവരെപ്പറ്റി നിലനിൽക്കരുത്.

ക്രിസ്തുവേശുവിലുള്ള ഭാവം ഈ ശുശ്രൂഷകരിൽ ഉണ്ടായിരിക്കണം.

3:11 ഇവിടെ പറയുന്ന സ്ത്രീകൾ ആര്? സഭയുടെ അംഗങ്ങളായുള്ള വിശ്വാസികളെപ്പറ്റിയല്ല ഒന്നുകിൽ ശുശ്രൂഷകന്മാരുടെ ഭാര്യമാർ. അല്ലാത്തപക്ഷം ശുശ്രൂഷയ്ക്കായി വേർതിരിച്ചിട്ടുള്ള സ്ത്രീകൾ. Rom 16:1

Rom 16:1 *നമ്മുടെ സഹോദരിയും കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തിയുടെ ഫേബയെ നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൊണ്ടുവന്നു.*

അവർ എങ്ങനെയുള്ളവർ ആയിരിക്കണം?

ഘനശാലികൾ ആയിരിക്കണം= ബഹുമാനം അർഹിക്കുന്നവർ ആയിരിക്കണം

നിർമ്മദർ - ശാന്തമായി കാര്യങ്ങളെ വിലയിരുത്താൻ കഴിവുള്ളവർ ആയിരിക്കണം. വിശ്വസ്തർ ആയിരിക്കണം

ഏഷണി പറയാത്തവർ ആയിരിക്കണം. ഒരാളുടെ കുറ്റം വേറൊരാളോട് പറയരുത്.

Eph 4:29 *കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു.*

3:12 അധ്യക്ഷന്റെ യോഗ്യതയോടു ചേർന്ന യോഗ്യത ശുശ്രൂഷകനിലും ഉണ്ടായിരിക്കണം (1Tim 3:2) സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവൻ ആയിരിക്കണം.

സാക്ഷ്യം ആദ്യം വേണ്ടത് സ്വന്ത ഭവനത്തിലത്രെ.

സ്വന്തഭവനത്തിൽ പരാജയപ്പെട്ടവൻ സഭയെ ഭരിക്കുന്നതിൽ എങ്ങനെ ജയിപ്പാൻ കഴിയും. failure in family leads to failure in church

സാത്താന് ഇതു നന്നായി അറിയാം.

ഈ നാളുകളിൽ സാത്താൻ ഉന്നം വച്ചിരിക്കുന്നത് കുടുംബത്തെയാണ്.

കുടുംബം വലിയ പോരാട്ടം നേരിടുന്നു, ആഗോളമായി.

3:13 വി. പൗലൂസ് ഒരു ശുശ്രൂഷകന്റെ മാഹാത്മ്യം വർണ്ണിക്കുകയാണ്. ലോകപ്രകാരം ഒരു ശുശ്രൂഷകന്റെ പദവി വലിയതല്ലായിരിക്കാം. എന്നാൽ കർത്താവിനുവേണ്ടി, അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി, ഹൃദയപൂർവ്വം, ആത്മാർത്ഥമായി അധ്വാനിക്കുന്ന ഒരു ശുശ്രൂഷകന് ദൈവസന്നിധിയിൽ വലിയ വിലയുണ്ട്. കർത്താവ് അവന്റെ ശുശ്രൂഷയെ തീർച്ചയായും ആദരിയ്ക്കും.

Eph 3:12 *അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്.*

John 13:15 *ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു.*

3:14, 15 (14-16 The Church and its Truth)

എഫെസൂസിൽ പാർക്കുന്ന തിമൊഥിക്ക് ദൂരെനിന്നും വി. പൗലൂസ് എഴുതുന്നു. ദൈവസഭയിൽ നാം പിൻപറ്റുന്ന സത്യം എന്ത്. യാതൊരു സംശയവും ആർക്കുംവേണ്ട. ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടക്കുന്ന മർമ്മം ഇതാ നമുക്കു

www.gospelsajacobsreviews.com
fleettech@gmail.com

വെളിപ്പെടുത്തി നൽകിയിരിക്കുന്നു.

Eph 5:32 *ഈ മർമ്മം വലിയത്*
*ഞാൻ ക്രിസ്തുവിനെയും സഭയെയും* ഉദ്ദേശിച്ചത്രെ പറയുന്നതു. എന്നാൽ നിങ്ങളും അങ്ങനെ തന്നേ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെതന്നേ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു.

Col 1:27 *അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.*

ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി. ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ.

3:16

1. അവൻ ജഢത്തിൽ വെളിപ്പെട്ടു: മുമ്പെ ഉണ്ടായിരുന്ന, വചനമായിരുന്ന, ദൈവത്തോടു കൂടെ ഉണ്ടായിരുന്ന അത്യുന്നതനായ ദൈവപുത്രൻ ജഢത്തിൽ വന്നു നമ്മോടൊത്തു വസിച്ചു. (Incarnation of Christ)

2. ആത്മാവിൽ നീതീകരിക്കപ്പെട്ടു: ക്രൂശിലേറ്റി പീഢിപ്പിച്ചുകൊന്നു, കല്ലറയിൽ അടക്കപ്പെട്ട പുത്രൻ ഇതാ ശക്തിയോടെ പരിശുദ്ധാവിനാൽ ഉയിർത്തെഴുന്നേറ്റു.

Phil. 2:9 *അതുകൊണ്ടു ദൈവം അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായനാമം നല്കി;*

(ഏറ്റവും ഉയർന്ന) സകല നാമത്തിനും മേലായ നാമം നൽകി.)

Acts 2:24-36 *ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു. മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു. ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു; അവൻ എന്റെ വലഭാഗത്തു ഇരിക്കയാൽ ഞാൻ കുലുങ്ങിപോകയില്ല. അതുകൊണ്ട് എന്റെ ഹൃദയം സന്തോഷിച്ചു, എന്റെ നാവു ആനന്ദിച്ചു, എന്റെ ജഡവും പ്രത്യാശയോടെ വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല. നീ ജീവമാർഗ്ഗങ്ങളെ എന്നോടു അറിയിച്ചു; നിന്റെ സന്നിധിയിൽ എന്നെ സന്തോഷപൂർണ്ണനാക്കും എന്നു ദാവീദ് അവനെക്കുറിച്ചു പറയുന്നുവല്ലോ. സഹോദരന്മാരായ പുരുഷന്മാരേ, ഗോത്രപിതാവായ ദാവീദിനെക്കുറിച്ച് അവൻ മരിച്ചു അടക്കപ്പെട്ടു എന്നു എനിക്കു നിങ്ങളോടു ധൈര്യമായി പറയാം; അവന്റെ കല്ലറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ. എന്നാൽ അവൻ പ്രവാചകൻ ആകയാൽ ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽ നിന്നു ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ഇരുത്തും എന്നു തന്നോടു സത്യം ചെയ്ത് ഉറപ്പിച്ചു എന്നു അറഞ്ഞിട്ടു: അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല: അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു. ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു: അതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ വലഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്നുതന്നു, ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലോ. എന്നാൽ അവൻ: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്തു ഇരിക്ക എന്നു കർത്താവു എന്റെ കർത്താവിനോടു അരുളിച്ചെയ്തു എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്നു യിസ്രായേൽഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ.*

മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയർത്തെഴുന്നേല്പിച്ചു. മരണം അവനെ പിടിച്ചു വെക്കുന്നത് അസാദ്ധ്യമായിരുന്നു.

3 ദൂതന്മാർക്കു പ്രത്യക്ഷനായി നമ്മുടെ കർത്താവ് സ്വർഗ്ഗ മഹിമയിലേക്കുയർത്തപ്പെട്ടു.

fleettech@gmail.com

www.gospelsajacobsreviews.com

Phil 2:9 -11 *അതുകൊണ്ടു ദൈവം അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായനാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും.*

Heb 1:3 മഹിമയുടെ വലതുഭാഗത്ത് നമ്മുടെ കർത്താവ് ഇരിക്കുന്നു.

4 ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകമെങ്ങും ഈ സുവിശേഷം ഘോഷിക്കപ്പെടാനായി കർത്താവ് നമ്മെ ഭരമേല്പിച്ചു. അപ്രകാരം ഘോഷിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.

Col 1:23 *ആകാശത്തിൻകീഴെ സകലസൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചും പൌലോസ് എന്ന ഞാൻ ശുശ്രൂഷകനായിത്തീർന്നും നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുമ്പിൽ നില്ക്കും.*

5 ലോകത്തിൽ വിശ്വസിക്കപ്പെട്ടു. - (1Cor 1:18 - 1Cor 2:5) ഈ വചനഭാഗത്ത് വി. പൗലൂസ് ദൈവത്തിന്റെ രക്ഷണ്യപദ്ധതിയുടെ വിശദീകരണവും അതു വിശ്വസിപ്പാൻ യോഗ്യമായത് എന്ന് ഉറച്ചു പ്രസ്താവിക്കുകയും ചെയ്യുന്നു.

1Cor 1:18 *ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കും ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.*

1Cor 2:5 *എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രെ ആയിരുന്നതു.*

ലോകത്തിൽ എല്ലാ ജാതികളിൽനിന്നും തന്റെ പുത്രന്റെ ശരീരമായ സഭയിലേക്ക് വിശ്വാസത്താൽ 'മക്കളെ' ചേർത്തുകൊണ്ടേയിരിക്കുന്നു.

6 തേജസ്സിൽ എടുക്കപ്പെട്ടു - നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം - (Eph 4:10) അവൻ ഉയരങ്ങളിലേക്ക് കടന്നുപോയി. അവൻ വീണ്ടും വരും.

Eph 4:10 *ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിനു സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു.*

fleettech@gmail.com



www.gospel.sajacobsreviews.com